പത്രത്തിൽ വന്നിരിക്കുന്നു. എനിക്കറിയില്ല അതിന്റെ വസ്തുതകൾ. ഇങ്ങനെയുള്ള സംഭവങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ അനാസ്ഥ; ഒരു വാക്കു കൂടി പറഞ്ഞു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. ഇവിടെ കണ്ണൂർ ജില്ലയടക്കം കേരളം തെരഞ്ഞെടുപ്പിലേക്കു പോകുകയാണ്. മനുഷ്യന് സൈര്യമായി വോട്ടു ചെയ്യാനുള്ള ധൈര്യം ഉണ്ടോ അവിടെ ? നിഷ്പക്ഷമായി, നീതിപൂർവ്വമായി തെരഞ്ഞെടുപ്പ് നടക്കണം. അങ്ങനെ ആഗ്രഹിക്കുന്ന ഒരു മനുഷ്യന് വോട്ടു ചെയ്യാനോ പോളിംഗ് ബൂത്തിലേയ്ക്കു പോകാനോ സാധ്യമല്ല. കാരണം ഭയപ്പാട് തന്നെ. അതിനകത്ത് മാർക്സിസ്റ്റുകാരനും ബി.ജെ.പി.ക്കാരനും ബോംബ് എറിയുന്നുണ്ടോ എന്നുള്ളതല്ല വിഷയം, മനുഷ്യർക്ക് അവിടെ സഞ്ചരിക്കാൻ വയ്യാത്ത ഒരു സാഹചര്യമാണുള്ളത്. അതിന് സി.പി.എം. ഉം, ബി.ജെ.പി. യും ഉത്തരവാദികളാണ്. ഇല്ലെന്നു ഞാൻ പറയുന്നില്ല. കൊലപാതകങ്ങളല്ലേ അവിടെ നടന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഈ സംസ്ഥാനത്തിന്റെ നിയമസമാധാനകാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു വ്യക്തി എന്നുള്ള നിലയിൽ അങ്ങയുടെ ഭാഗത്തു നിന്നുണ്ടായ പരാമർശം തികച്ചും നിരുത്തരവാദപരമാണ്, പ്രതിഷേധാർഹമാണ്. അതുകൊണ്ടാണ് ഈ വാക്കൗട്ട് നടത്തണമെന്ന് തീരുമാനിച്ചത്. ഈ വാക്കൗട്ടിൽ ഞങ്ങളും പങ്കെടുക്കുകയാണ്.

(ശ്രീ. ടി. എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തു പോയി.)

V ശ്രദ്ധക്ഷണിക്കൽ

(1) വൈദ്യുതി മേഖലയിൽ കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന പരിഷ്ക്കാരങ്ങൾ

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, വൈദ്യുതിയുടെ ഉല്പാദനവും വിതരണവും പ്രസരണവും വില നിർണ്ണയവുമെല്ലാം കേന്ദ്ര സർക്കാർ വൈദ്യുതി റെഗുലേറ്ററി ബിൽ കൊണ്ടുവന്ന് അതിന്റെ നിയന്ത്രണത്തിൽ കൊണ്ടു വരാനാണ് ശ്രമിക്കുന്നത്. വൈദ്യുതി വളരെ പ്രധാനപ്പെട്ട മേഖലയാണ്. അതിന്റെ വിതരണം നിലച്ചാൽ സകലതും നിശ്ചലമാകും. അങ്ങനെയുള്ള ഒരു മേഖലയെ സ്വകാര്യ കമ്പനികളെ, സ്വകാര്യ വ്യക്തികളെ ഏൽപ്പിക്കുക എന്നതാണ് ഇലക്ട്രിസിറ്റി ബിൽ 2000 കൊണ്ട് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. സ്വകാര്യ മേഖലയെ സംബന്ധിച്ചിടത്തോളം പരമാവധി ലാഭമാണ് അവരുടെ ലക്ഷ്യം. അവർക്ക് പാവപ്പെട്ടവരെന്നോ ധനികനെന്നോ കർഷകനെന്നോ വ്യവസായി എന്നോ പട്ടികജാതി പട്ടികവർഗ്ഗക്കാരനെന്നോ ഉള്ള വ്യത്യാസമൊന്നുമില്ല. ഒരേ നിരക്കിലാണ് കറന്റ് വിൽക്കുക. മാക്സിമം വിലയ്ക്ക് വിൽക്കുക, മാക്സിമം ലാഭത്തിന് വിൽക്കുക, അതാണ് അവരുടെ ലക്ഷ്യം. നമ്മുടെ രാജ്യത്തെ ലക്ഷക്കണക്കായ പാവപ്പെട്ട ആളുകൾക്ക് സൗജന്യമായി വൈദ്യുതി ലഭിക്കുന്നുണ്ട്. കൃഷിക്കാർക്ക് സൗജന്യമായി ലഭിക്കുന്നുണ്ട്. ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് വൈദ്യുതി സൗജന്യമായി ലഭിക്കുന്നുണ്ട്. ആ സംവിധാനങ്ങളെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

തകർക്കലാണ് സ്വകാര്യ മേഖലയെ ഇത് ഏൽപ്പിച്ചാൽ ഉണ്ടാവുക. ബാങ്ക് നാഷണലൈസ് ചെയ്തതിനുശേഷമാണ് വിവിധ പദ്ധതികൾ കൊണ്ടുവന്ന് തൊഴിൽ രഹിതരായ ആളുകൾക്ക് തൊഴിൽ കണ്ടെത്താനും കൃഷിക്കാർക്ക് ആനുകൂല്യം കൊടുക്കാനും വൻകിട വ്യവസായികൾക്കും വ്യാപാരികൾക്കും എല്ലാം സഹായം ലഭിക്കാനും സാധിച്ചത്. സ്വകാര്യവൽക്കരണത്തിലൂടെ ആ സൗജന്യങ്ങൾ മുഴുവൻ നിലയ്ക്കുകയാണ്. ഈ വിഭാഗത്തെ മുഴുവൻ കൈവെടിയുകയാണ്. ലാഭത്തിനുവേണ്ടി മാക്സിമം ജീവനക്കാരുടെ എണ്ണം കുറയ്ക്കുക, ലാഭത്തിനുവേണ്ടി പലിശ വർദ്ധിപ്പിക്കുക, ലാഭത്തിനുവേണ്ടി ഇടപാടുകാരുടെ എണ്ണം കുറയ്ക്കുക, ഈ സൗജന്യങ്ങളെല്ലാം എടുത്തു കളയുക ഇതാണ് സ്വകാര്യ ബാങ്കിംഗ് മേഖലയിലും നടപ്പാക്കാൻ പോകുന്നത്. വൈദ്യുതിയെ സംബന്ധിച്ചിടത്തോളം ഏറെ പ്രാധാന്യമുള്ളത്, കൂരിരുട്ടിൽ കഴിയുന്ന മനുഷ്യർക്ക് വെളിച്ചം കൊടുക്കാനായി ഏതെങ്കിലും ഒരു ഗവൺമെന്റിന്, ഒരു പദ്ധതിയും ഉണ്ടാക്കാൻ സാധിക്കാത്ത ഒരു അവസ്ഥയാണുണ്ടായിരിക്കുന്നത്. കഴിഞ്ഞ റിപ്പബ്ലിക് ദിനത്തിൽ നമ്മുടെ രാഷ്ട്രപതി ചെയ്ത ഒരു പ്രസംഗം നമ്മുടെ എല്ലാം മനസ്സിലുണ്ടാകും. അദ്ദേഹം പറഞ്ഞത്, ഇന്ത്യയുടെ 60 ശതമാനം പ്രദേശങ്ങളും കൂരിരുട്ടിലാണ്, വെളിച്ചമെത്താത്ത പ്രദേശമാണ്. ഓടയിലെ അഴുക്കുവെള്ളം കുടിക്കുന്നവരാണ്, കിടക്കാൻ ഒരു തുണ്ട് ഭൂമിയില്ലാത്തവരാണ്, പാർപ്പിടമില്ലാത്തവരാണ്, നിരക്ഷരരാണ്, അങ്ങനെയുള്ള ഭാരതത്തിൽ പാവപ്പെട്ടവന്റെ കുടിലുകളിൽ വെളിച്ചമെത്തിക്കാൻ വിവിധ സംസ്ഥാന ഗവൺമെന്റുകൾ ഉണ്ടാക്കിയ പദ്ധതികളെല്ലാം തകർക്കുന്നതാണ് ഈ സ്വകാര്യവൽക്കരണ നടപടി. എൽ.ഡി.എഫ്. ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വന്നതിനുശേഷം ഇലക്ട്രിസിറ്റി ബിൽ, 2000 കൊണ്ടുവരുന്നതിന് നിദാനമായി പറയുന്നത് ഒരു ലക്ഷം മെഗാവാട്ട് വൈദ്യുതി 2012 ആകുമ്പോഴേയ്ക്കും ഉൽപ്പാദിപ്പിക്കണം, ആ ലക്ഷ്യം നിറവേറ്റണമെങ്കിൽ സ്വകാര്യ മേഖലയിൽ കൊണ്ടുവന്നാലേ സാധിക്കുകയുള്ളൂ എന്ന വാദഗതിയാണ് ഉന്നയിക്കുന്നത്. എന്നാൽ അതിനൊരു മറുപടിയെന്നോണം ഇന്ത്യയുടെ ചരിത്രത്തിൽ ഇത്രയും വലിയ റിക്കാർഡ്, കേരള ഗവൺമെന്റ് വൈദ്യുതി രംഗത്ത് കാട്ടിക്കൊടുത്തത് ഇന്ത്യയ്ക്കാകെ മാതൃക കാണിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷക്കാലത്ത് 17 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിച്ച സ്ഥാനത്ത് കേരളം 1081 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ചു എന്നുപറഞ്ഞാൽതന്നെ കേരളത്തിലെ ഗവൺമെന്റിന്റെ ഇച്ഛാശക്തിയാണ് ഇതിൽ പ്രധാനം. കേരളത്തിൽ ഒരു സ്വകാര്യ കമ്പനിയും വന്ന് കറണ്ട് ഉല്പാദിപ്പിക്കേണ്ട ഒരാവശ്യം വരുന്നില്ല. ഇന്ത്യയിൽ ആകെയുള്ള വർദ്ധനവ് 18.5 ശതമാനമായിരുന്നപ്പോൾ കേരളത്തിൽ 72 ശതമാനം വൈദ്യുതി ഉല്പാദന വർദ്ധനവുണ്ടായിയെന്ന് പറയുന്നതുതന്നെ പൊതുമേഖലയെ നിലനിർത്തിക്കൊണ്ട് ലാഭകരമായി വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്നതിന്റെ തെളിവാണ്. ഇത്രയും വലിയ നേട്ടം കൈവരിച്ച ഈ രംഗത്ത് സ്വകാര്യ മേഖലയെ കൊണ്ടുവരാൻ ശ്രമിക്കുന്നത് നമ്മുടെ രാജ്യത്തിന്റെ പൊതുമുതൽ ഇഷ്ടംപോലെ കണ്ട വിലയ്ക്കു വിറ്റ് തുലയ്ക്കാൻ വേണ്ടിയുള്ള മാർഗ്ഗം മാത്രമാണ്. അടുത്ത കാലത്തുള്ള വില്പന നമുക്കെല്ലാം അറിയാവുന്നതാണ്. ബിൽകോയുടെ വില്പന ആറായിരം കോടി രൂപ വിലയുള്ള അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

സ്വത്തുക്കൾ 551 കോടി രൂപയ്ക്കാണ് വിറ്റിരിക്കുന്നത്. എന്തൊരു കൊള്ളയാണ് കാണിച്ചിരിക്കുന്നത്. ഇതിനെ സംബന്ധിച്ച് ചത്തീസ്ഗഡ് മുഖ്യമന്ത്രി പറയുന്നത് 100 കോടി രൂപയുടെ കോഴ കൈമാറിയിട്ടുണ്ടെന്നാണ്. അങ്ങനെ കോഴ വാങ്ങിക്കൊണ്ട് നമ്മുടെ രാജ്യത്തിന്റെ പൊതു സ്വത്തുക്കൾ മുഴുവൻ വിറ്റ് തുലയ്ക്കുകയാണ്. അതിനേക്കാൾ ഏറെ പ്രധാനമാണ് വൈദ്യുതിയുടെ കാര്യം. മഹാരാഷ്ട്രയിൽ എൻറോണിനെയാണ് വൈദ്യുതിയുൽപ്പാദനത്തിന് ഏൽപ്പിച്ചത്. ആധാബോൾ പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി ഇപ്പോൾ ഈ വർഷം 800 കോടി രൂപ മഹാരാഷ്ട്ര ഗവൺമെന്റ് എൻറോണിന് കൊടുക്കണം. അവർക്ക് സാദ്ധ്യമല്ലെന്ന് പറഞ്ഞു. സാദ്ധ്യമല്ലെന്ന് പറഞ്ഞപ്പോൾ സെൻട്രൽ ഗവൺമെന്റ് പറയുന്ന ന്യായം, നിങ്ങൾ കൊടുത്തില്ലായെങ്കിൽ നിങ്ങൾക്ക് ന്യായമായി തരേണ്ടുന്ന നികുതി വിഹിതം ഞങ്ങൾ എൻറോണിന് കൊടുക്കുമെന്നാണ്. അപ്പോൾ അതിന്റെയർത്ഥം സംസ്ഥാന ഗവൺമെന്റിന്റെ ഭരണത്തിൽ കേന്ദ്രം കൈയിടലാണ്. നമ്മുടെ ഫെഡറൽ സംവിധാനം ഒരു കേന്ദ്രാവിഷ്കൃത ഭരണത്തിലേയ്ക്കാണ് പോകുന്നത്. ജനാധിപത്യ വ്യവസ്ഥയെത്തന്നെ തകർക്കുന്നിടത്തേയ്ക്കാണ് പോകുന്നത്. ഇപ്പോൾ എൻറോൺ പറയുന്നത് 35,000 കോടിരൂപ കോമ്പൻസേഷൻ തന്നാൽ ഞങ്ങൾ ഒഴിഞ്ഞുതരാമെന്നാണ്. ഒരു പദ്ധതി കൊണ്ടുവന്നു തുടങ്ങിയിട്ട് പറയുന്നതാണ്. മഹാരാഷ്ട്രയിലെ സകല സ്വത്തുക്കളും വിറ്റാലും അവരുടെ കടം വീട്ടാൻ സാധിക്കാത്ത ഒരവസ്ഥയാണ് വന്നുകൊണ്ടിരിക്കുന്നത്. ആ എൻറോണിനെ ഇവിടെയും കൊണ്ടുവരണമെന്നാണ് കുറെ ആളുകൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. മഹാരാഷ്ട്ര, കർണ്ണാടക, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽ ഒരു യൂണിറ്റ് കറണ്ടിന് ആറ് രൂപ എൺപത് പൈസയാണ് ഈടാക്കുന്നത്. ഇവിടെയാണെങ്കിൽ ഒരു രൂപ 82 പൈസയാണ് ഒരു യൂണിറ്റിന് ഈടാക്കുന്നത്. മഹാരാഷ്ട്രയിൽ ഈടാക്കുന്നതുപോലെയും രാജസ്ഥാനിൽ ഈടാക്കുന്നതുപോലെയും യു.പി. യിൽ ഈടാക്കുന്നതുപോലെയും കേരളത്തിലും കറണ്ടിന് വില വർദ്ധിപ്പിക്കണമെന്നാണ് കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. അതിനോട് യോജിക്കുന്ന ഒരു നിലപാടാണ് കോൺഗ്രസ്സും കോൺഗ്രസ് ഭരിക്കുന്ന നാല് സംസ്ഥാനങ്ങളിലും ചെയ്തിരിക്കുന്നത്. കോൺഗ്രസ് ഭരിക്കുന്ന നാല് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ പ്രധാനമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ സംബന്ധിച്ചു. അതിൽ അവർക്ക് പ്രതിപക്ഷ നേതാക്കന്മാരെക്കൂടി വിളിക്കണമെന്ന ഒരാവശ്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ. കേരളത്തിലെ പ്രതിപക്ഷ നേതാവ് ശ്രീ. എ. കെ. ആന്റണി പങ്കെടുക്കുന്ന ആ യോഗത്തിൽ എന്ത് നിലപാട് അങ്ങ് എടുക്കും ? കേരളത്തിലെ ജനങ്ങൾക്ക് 1.82 പൈസയ്ക്കു ഒരു യൂണിറ്റ് വൈദ്യുതി കിട്ടിക്കൊണ്ടിരിക്കുന്നത് നിർത്തലാക്കിക്കൊണ്ട് ആന്ധ്രയിലും മഹാരാഷ്ട്രയിലും ഈടാക്കുന്നതുപോലെ ഒരു യൂണിറ്റ് വൈദ്യുതിക്ക് 6 രൂപ 80 പൈസ കൊടുക്കണമെന്ന് പറയുമോ? ഒരു സാധാരണ ഇടത്തരം കുടുംബത്തിന് അതായത് ഒരു ഭർത്താവും ഒരു ഭാര്യയും രണ്ട് കുട്ടികളുമുള്ള ഒരു കുടുംബത്തിൽപ്പോലും ആന്ധ്രയിൽ രണ്ടായിരം രണ്ടായിരത്തി ഇരുന്നൂറ് രൂപയുടെ ബിൽ ആണ് വരുന്നത്. നിങ്ങൾ ഹൈടെക് മുഖ്യമന്ത്രിയെന്നു പറയുന്ന ശ്രീ. ചന്ദ്രബാബു നായിഡുവിന്റെ നാട്ടിൽ കറണ്ടിന് ഒരു യൂണിറ്റിന് ആറ് രൂപ എൺപത് പൈസയാണ് വാങ്ങുന്നത്. ഒരു ഇടത്തരം കുടുംബം മണ്ണെണ്ണ വിളക്ക്

LIBRARY ARCHIVES Kerala Legislative Assembly

കത്തിച്ചാണ് അവിടെ വെളിച്ചം കാണുന്നത്. മഹാരാഷ്ട്രയിലേയും ഗുജറാത്തിലേയും ഒക്കെ സ്ഥിതി ഇതാണ്. കോൺഗ്രസ് ഭരിക്കുന്ന നാല് സംസ്ഥാനങ്ങളും ഇതിനെ എതിർക്കുന്നുണ്ടോ? ശ്രീ. എ. കെ. ആന്റണി പ്രധാനമന്ത്രി വിളിക്കുന്ന യോഗത്തിൽ കേരളത്തിലെ കറണ്ടിന് ഒരു രൂപ എൺപത്തിരണ്ട് പൈസയിൽ നിന്ന് ആറ് രൂപ എൺപത് പൈസയായി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെടുമോ, ഇതിനെ എതിർക്കുമോ ? കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലെടുക്കുന്ന നിലപാട് കേരളത്തിൽ എടുക്കുകയാണെങ്കിൽ കേരളത്തിലെ കൃഷിക്കാർക്ക് സൗജന്യമായി നൽകുന്ന വൈദ്യുതി അവർ നിർത്തലാക്കും. ഇവിടത്തെ ആളുകൾക്ക് കുറഞ്ഞ വിലയ്ക്ക് നൽകുന്ന വൈദ്യുതി നിറുത്തലാക്കും. കേരളത്തിലെ ജനങ്ങളെ കൂരിരുട്ടിലേയ്ക്ക് താഴ്ത്തരുത്. വൈദ്യുതി ഇല്ലാഞ്ഞിട്ടല്ല, വൈദ്യുതിയുണ്ടെങ്കിലും അത് ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിലേയ്ക്ക് കേരളത്തെ നയിക്കരുത്. വൈദ്യുതി മേഖലയെ സ്വകാര്യവൽക്കരിച്ച് സ്വകാര്യ മുതലാളിമാരിൽ നിന്ന് കോടിക്കണക്കിന് രൂപ കമ്മീഷൻ വാങ്ങിക്കൊണ്ട് ബാൽകോ വിറ്റതുപോലെ കേരളത്തിലെ വൈദ്യുതി വകുപ്പിനെ വിറ്റ് തുലയ്ക്കരുത്. ശ്രീ. എ. കെ. ആന്റണിയും കൂട്ടരും എന്ത് നിലപാടെടുക്കുമെന്ന് വ്യക്തമാക്കണം. ഞാൻ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയോട് ഇത് ഒരുകാരണവശാലും വിറ്റ് തുലയ്ക്കുന്ന നടപടിയെ അനുകൂലിക്കരുതെന്ന് പറയുകയാണ്. അദ്ദേഹം ഇതിനെ ശക്തമായി എതിർക്കുകയാണുണ്ടായത്. ആ നിലപാടുമായി മുന്നോട്ടു പോകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലെല്ലാം വൈദ്യുതി ബോർഡിനെ വിറ്റുതുലയ്ക്കാനുള്ള തീരുമാനമായിട്ടുണ്ട്. ആ തീരുമാനം ഇവിടെയും നടപ്പിലാക്കുന്നതിനുവേണ്ടി ശ്രീ. എ. കെ. ആന്റണിയും കോൺഗ്രസ്സും അതുപോലൊരു നിലപാട് സ്വീകരിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ഇക്കാര്യത്തിലെടുത്ത നിലപാടിനെ ഞാൻ മുക്തകണ്ഠം പ്രശംസിക്കുകയാണ്.

മി. സ്പീക്കർ : വൈദ്യുതി വകുപ്പുമന്ത്രി .....

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, നമ്മുടെ രാജ്യത്തെ വളരെ ഗൗരവമായി ബാധിക്കുന്ന ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ആഗോളവൽക്കരണത്തിനനുകൂലമായി പുതിയ പരിതസ്ഥിതികൾക്കുതകും വിധം വൈദ്യുതി മേഖലയിൽ നിയമപരമായ ചട്ടക്കൂടുണ്ടാക്കിയെടുക്കാൻ കേന്ദ്ര ഗവൺമെന്റ് നടപ്പാക്കാനുദ്ദേശിച്ചുകൊണ്ടുള്ള പരിഷ്ക്കാരങ്ങളാണ് കേന്ദ്ര സർക്കാർ കൊണ്ടുവന്നിട്ടുള്ള വൈദ്യുതി ബിൽ 2000. സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതും ഇന്ത്യയിലെ വിവിധ വൈദ്യുതി ബോർഡുകളിൽ unbundling regulatory സംപ്രദായം എന്നിവ നിർബന്ധിതമാക്കാനും സ്വകാര്യവൽക്കരണം സുഗമമാക്കാനും നിയമപരമായി സംരക്ഷണം നൽകുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ ബിൽ. ഈ ബിൽ സംസ്ഥാന സർക്കാർ നിയമസഭയിൽ പ്രഖ്യാപിച്ചിട്ടുള്ള വൈദ്യുതി നയത്തിനും സംസ്ഥാനം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വൈദ്യുതി വികസനത്തിനും എതിരാണെന്നുള്ളതിനാൽ ബില്ലിലെ വ്യവസ്ഥകളോടും സമീപനത്തോടും സർക്കാരിന് ശക്തിയായ

LIBRARY ARCHIVES Kerala Legislative Assembly

വിയോജിപ്പാണുള്ളത്. ഊർജ്ജ രംഗത്ത് സ്വകാര്യവൽക്കരണത്തിന്റേതായ പാത ദേശീയ സുരക്ഷിതത്വത്തിനുപോലും ഭീഷണിയായി മാറും. ഈ രംഗത്തെ സ്വകാര്യവൽക്കരണം ദേശീയ സുരക്ഷിതത്വത്തിനുപോലും ഭീഷണിയാണ്. ഇന്ത്യ-പാകിസ്ഥാൻ യുദ്ധ കാലത്ത് മൾട്ടി നാഷണൽ കമ്പനികൾ ഇന്ത്യയിലെ എണ്ണ വിതരണം നിർത്തിവച്ചു, ഇന്ത്യക്കെതിരായി നീങ്ങിയതുപോലെ സ്വകാര്യവൽക്കരിച്ചാൽ, ഊർജ്ജ പ്രധാനമായ ഒരു മേഖല സ്വകാര്യവൽക്കരിച്ചാൽ അത് രാജ്യത്തിന്റെ സുരക്ഷിതത്വത്തിനുതന്നെ ആപത്ത് ക്ഷണിച്ചുവരുത്തും. ഭരണഘടനയിൽ സംസ്ഥാനങ്ങൾക്ക് നൽകിയിട്ടുള്ള ഫെഡറൽ പരിരക്ഷയുടെ ലംഘനത്തിനും കേന്ദ്ര-സംസ്ഥാനങ്ങളുടെ മേലുള്ള അഴിച്ചുപണിക്കും ഈ വ്യവസ്ഥകൾ കാരണമാകും. വിവിധ സംസ്ഥാനങ്ങളിൽ ഇന്ന് ഊർജ്ജ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ സമാനസ്വഭാവമല്ലെന്നിരിക്കെ കേന്ദ്ര സർക്കാരിന്റെ നിയമനിർമ്മാണംകൊണ്ട് ഒറ്റയടിക്ക് പരിഹരിച്ചുകളയാമെന്ന് കരുതുന്നത് തികച്ചും തെറ്റാണ്. ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ തുടങ്ങിയ സംസ്ഥാനങ്ങളിലെല്ലാം തന്നെ വൈദ്യുതിയുടെ വില ക്രമാതീതമായി മൂന്നും നാലും മടങ്ങ് വർദ്ധിച്ചതായിട്ടാണ് അനുഭവം. ബഹുഭൂരിപക്ഷം വരുന്ന ഗ്രാമീണ ജനതയ്ക്കും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കും നൽകുന്ന വൈദ്യുതിക്ക് മുൻഗണനയിൽ Cross Subsidisation മുഖേന നൽകി വരുന്ന മറ്റ് ഇളവുകളും നിർത്തിവയ്ക്കാൻ സംസ്ഥാന സർക്കാരുകൾ നിർബന്ധിതരായിത്തീരും. സംസ്ഥാന സർക്കാർ വൈദ്യുതി നയത്തിൽ ആവിഷ്ക്കരിച്ചിട്ടുള്ള റെഗുലേറ്ററി കമ്മീഷൻ, താരിഫ് പരിഷ്ക്കരണത്തിലെ അശാസ്ത്രീയത പഠിക്കാനോ, പരിശോധിക്കാനോ മാത്രമുള്ള ഒരു സ്വതന്ത്ര ബോഡിയായിട്ടാണ് കാണുന്നത്. എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദിഷ്ട ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ള റെഗുലേറ്ററി അതോറിറ്റി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, വൈദ്യുതി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ അധികാരങ്ങൾ പൂർണ്ണമായും നിയന്ത്രിക്കാൻ പോകുകയാണ്. വൈദ്യുതി രംഗത്തെ ഉൽപ്പാദനം, വിതരണം, പ്രസരണം എന്നീ രംഗങ്ങളിൽ സ്വകാര്യവൽക്കരണത്തിന്റെ പാതയിൽ ഉറപ്പിച്ചുകൊണ്ടു നിർത്തുന്ന എല്ലാ നയങ്ങളുംകൂടി കേന്ദ്രീകൃതമാകുന്ന സമിതിയായിട്ടാണ് പ്രവർത്തിക്കാൻ പോകുന്നത്. ഈ നയം സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്കും എല്ലാ സംസ്ഥാനങ്ങളുടേയും താല്പര്യങ്ങൾക്ക് ഹാനികരമാണ്. ഇതിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ ഈ ബില്ലിലെ വ്യവസ്ഥകൾ നിലവിൽ വന്നാൽ വൈദ്യുതി ബോർഡുതന്നെ ഇല്ലാതാകും. താരിഫ് വർദ്ധനവ് ഉൾപ്പെടെയുള്ള നയപരമായ കാര്യങ്ങൾ തീരുമാനിക്കാനുള്ള വിപുലമായ അധികാരങ്ങൾ ബില്ലിൽ-റഗുലേറ്ററി കമ്മീഷൻ- വിഭാവനം ചെയ്തിട്ടുണ്ട്. വൈദ്യുതി മേഖലയിൽ സംസ്ഥാന ഗവൺമെന്റുകൾക്ക് ഭരണഘടനാപരമായി നൽകിയിരിക്കുന്ന അവകാശങ്ങൾ ഇതുകൊണ്ട് പൂർണ്ണമായി എടുത്തുകളയുകയാണ് ചെയ്യുക. കൺകറന്റ് ലിസ്റ്റിൽപ്പെട്ട വൈദ്യുതിയുടെ കാര്യത്തിൽ സ്വകാര്യവത്ക്കരണത്തിന്റേതായ നയം അടിച്ചേൽപ്പിക്കുന്നത് സംസ്ഥാന ഗവൺമെന്റിന്റെ നിലവിലുള്ള അധികാരങ്ങളിന്മേലുള്ള കടന്നുകയറ്റമായിട്ടാണ് കേരളാ ഗവൺമെന്റ് കണക്കാക്കുന്നത്. കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിച്ച ഈ ബില്ലിലെ പല വ്യവസ്ഥകളും

LIBRARY ARCHIVES Kerala Legislative Assembly

ദോഷകരമായി ബാധിക്കുന്നത് സംസ്ഥാനത്തെ ലക്ഷോപലക്ഷം വരുന്ന വൈദ്യുതി ഉപഭോക്താക്കളെ തന്നെയാണ്. സമൂഹത്തിലെ വിവിധ വിഭാഗം ജനങ്ങൾക്കു അനുവദിച്ചിട്ടുള്ള വിവിധ സബ്സിഡികൾ ക്രമേണമായി നിയന്ത്രിക്കുക വഴി സംസ്ഥാനത്തെ കാർഷിക വ്യാവസായിക മേഖലയെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടാൻ പോകുകയാണ്. പുതിയ നയത്തിൽ ഉല്പാദന-വിതരണ-പ്രസരണ മേഖലകളെയാകെത്തന്നെ സ്വകാര്യമേഖലയ്ക്ക് സ്വതന്ത്രമായി കടന്നുവരാൻ പാകത്തിനാണ് രൂപപ്പെടുത്തിയിട്ടുള്ളത്. സ്വകാര്യ കമ്പനികൾ ഈ രംഗത്ത് കടന്നുവരുന്നതോടുകൂടി വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാനുള്ള സമ്മർദ്ദമാണ് ഉയർന്നുവരിക. സ്വകാര്യ കമ്പനികൾക്ക് ഗ്യാരന്റിയും കൗണ്ടർ ഗ്യാരന്റിയും സംസ്ഥാന സർക്കാർ നൽകേണ്ടിവരുമെന്നതിനാൽ വൈദ്യുതി നിരക്ക് വസ്തുനിഷ്ഠമായി വർദ്ധിപ്പിക്കാതിരിക്കാൻ കഴിയാത്ത സ്ഥിതിയിൽ എത്തും. ഈ നയംമൂലം ദരിദ്രവിഭാഗ മേഖല എന്ന ലക്ഷ്യംവിട്ട് ഒരു കച്ചവട മേഖലയായി ഊർജ്ജമേഖലയെ മാറ്റിതീർക്കുകയാണ് സ്വകാര്യവത്കരണത്തിലൂടെ കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നത്. ഇത്തരം കൊള്ളയടിക്കുവാനുള്ള നീക്കത്തിനെതിരെ ഈ സംസ്ഥാനത്തെ ജനങ്ങളുടെ മുഴുവൻ പ്രതിഷേധവും രാഷ്ട്രീയഭേദമെന്യേ ഉയർന്നുവരുകയുണ്ടായിട്ടുണ്ട് എന്നതാണ് ഗവൺമെന്റിന്റെ അഭിപ്രായം. വൈദ്യുതി മേഖല സ്വകാര്യവൽക്കരിച്ചില്ലെങ്കിൽ കേന്ദ്രവിഹിതം നൽകുകയില്ലെന്നുള്ള കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് അങ്ങേയറ്റം പ്രതിഷേധാർഹവും കേന്ദ്ര-സംസ്ഥാന ബന്ധങ്ങളുടെ കെട്ടുറപ്പിനെ ദോഷകരമായി ബാധിക്കുന്നതും ജനാധിപത്യവിരുദ്ധവും സംസ്ഥാനങ്ങളുടെ താല്പര്യത്തിന് ഹാനികരവുമായിട്ടുള്ള നടപടിയാണ്. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ ഉദ്ദേശിച്ചിട്ടുള്ള മീറ്റർ സ്ഥാപിക്കുക, എനർജി ആഡിറ്റ് ചെയ്യുക, ഉല്പാദനം വർദ്ധിപ്പിക്കുക, ട്രാൻസ്മിഷൻ ലോസ് കുറയ്ക്കുക തുടങ്ങിയുള്ള എല്ലാ കാര്യങ്ങളും ഇലക്ട്രിസിറ്റി ബോർഡിനെ പൊതുമേഖലയിൽ നിലനിർത്തികൊണ്ടുതന്നെ അച്ചീവ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ള കാര്യവും പ്രൈവറ്റൈസ് ചെയ്യാതെതന്നെ പ്രസരണ-വിതരണ-ഉല്പാദന മേഖലകൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നുള്ളതും സംസ്ഥാനത്തെ ഇലക്ട്രിസിറ്റി ബോർഡിന്റെ ഈ കാലയളവിലെ പ്രവർത്തനങ്ങളിലൂടെ മനസ്സിലാക്കാൻ കഴിയും. ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന മുഖ്യമന്ത്രിമാരുടെയും ഊർജ്ജ മന്ത്രിമാരുടെയും ഒരു യോഗം ഡൽഹിയിൽ ഈ മാസം 3-ാം തീയതി വിളിച്ചപ്പോൾ സംസ്ഥാന ഗവൺമെന്റിനെ പ്രതിനിധീകരിച്ചുകൊണ്ട് ഞാൻ പങ്കെടുക്കുകയുണ്ടായി. സംസ്ഥാന സർക്കാരുകൾക്ക് അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനുള്ള സമയമോ സാവകാശമോ അവിടെ നൽകുകയുണ്ടായില്ലെങ്കിൽ പോലും ബില്ലിലെ വ്യവസ്ഥകളോടുള്ള സംസ്ഥാന ഗവൺമെന്റിന്റെ വിയോജിപ്പ് അറിയിച്ചിരുന്ന കാര്യം അവിടെ ചൂണ്ടിക്കാണിക്കുകയും സംസ്ഥാന സർക്കാരിനുള്ള എതിർപ്പ് അസന്നിഗ്ധമായി വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. പരിഷ്ക്കരണങ്ങളുടെ പേരിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾക്ക് സംസ്ഥാന ഗവൺമന്റുകളുടെ പിന്തുണ ഉണ്ടെന്ന് വരുത്തിതീർക്കാനുള്ള ബോധപൂർവ്വമായ നീക്കമായിരുന്നു ഇതിനു പിന്നിൽ ഉള്ളതെന്ന് മാർച്ച് 3-ന് ഡൽഹിയിൽ ചേർന്ന യോഗ നടപടികൾ സൂക്ഷ്മമായി പരിശോധിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കാൻ കഴിയും. യോഗം അവസാനിക്കാൻ ഏതാനും മിനിട്ടുകൾ ഉള്ളപ്പോൾ ഒരു പ്രമേയം കൊണ്ടുവരികയുണ്ടായി. എന്നാൽ ആ പ്രമേയം പൂർണ്ണമായി പ്രൈവറ്റൈസ് ചെയ്യുക എന്നുള്ള ലക്ഷ്യം വച്ചുകൊണ്ടുള്ളതാകയാൽ രേഖാപരമായിത്തന്നെ ആ പ്രമേയത്തിന് സംസ്ഥാന ഗവൺമെന്റിന്റെ വിയോജനക്കുറിപ്പ് എഴുതിക്കൊടുക്കുകയും അതിലെ ഡിസെന്റ് റിക്കോർഡ് ചെയ്യണമെന്ന് മുന്നുപ്രാവശ്യം ആവർത്തിച്ച് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അവിടെ ചർച്ച ചെയ്യപ്പെട്ട മറ്റൊരു ഗൗരവപ്പെട്ട പ്രശ്നമെന്നു പറയുന്നത്, അവിടെ. സർക്കുലേറ്റ് ചെയ്യപ്പെട്ട അജണ്ടയിൽ ആറാമത്തെ ഇനത്തിൽ 4 (ബി) എന്നു പറയുന്നത് മഹാരാഷ്ട്രയിലെ സർപ്ലസ് പവറിനെ സംബന്ധിച്ചാണ്. എൻറോണിന്റെ പണി പൂർത്തിയാകുന്നതോടുകൂടി മഹാരാഷ്ട്രയിൽ സർപ്ലസ് പവർ വന്നുകഴിഞ്ഞാൽ ഈ വൈദ്യുതി തെക്കെ ഇന്ത്യൻ സംസ്ഥാനങ്ങളിലെ ഗ്രിഡ്ഡിലേയ്ക്ക് ആക്കിതീർത്ത് ഒരു കൊമേഴ്സ്യൽ മെക്കാനിസം കൊണ്ടുവരണമെന്നാണ് ആ യോഗത്തിൽ കേന്ദ്ര ഗവൺമെന്റ് സർക്കുലേറ്റ് ചെയ്തിട്ടുള്ള അജണ്ടയിൽ ഉണ്ടായിരുന്നത്. ഫലത്തിൽ എൻറോൺ പവർ മഹാരാഷ്ട്ര സംസ്ഥാന ഗവൺമെന്റിനെ ഒരു കത്രികപ്പൂട്ടിൽ അകപ്പെടുത്തിയിരിക്കുകയാണ്. ആ സാഹചര്യത്തിൽ വിദേശ കുത്തകയായിട്ടുള്ള എൻറോണിനെ സംരക്ഷിക്കാനുള്ള ഒരു നീക്കവുംകൂടി ഉണ്ട്. നമ്മുടെ തെക്കെ ഇന്ത്യൻ സംസ്ഥാനങ്ങളുടെ ചെലവിൽ എഴുതി അതിനെ സംരക്ഷിക്കാൻ കഴിയുമോയെന്നുള്ള നീക്കവും അവിടെ നടത്തിയിരുന്നു. അതിനോടുള്ള ശക്തമായ എതിർപ്പും ബില്ലിനോടുള്ള ശക്തമായ എതിർപ്പും ഈ മേഖല പ്രൈവറ്റൈസ് ചെയ്യാനുള്ള പ്രമേയത്തോടുള്ള എതിർപ്പും ആ അവസരത്തിൽ രേഖാമൂലവും വാക്കാലും കേരളാ ഗവൺമെന്റിന്റെ അഭിപ്രായമായി അറിയിച്ചിട്ടുണ്ട്. തീർച്ചയായും ഇത് ഒരു കക്ഷിരാഷ്ട്രീയത്തിന്റെ പ്രശ്നമായി ഗവൺമെന്റ് കാണുന്നില്ല. നമ്മുടെ സംസ്ഥാനത്തിന്റെ ഉത്തമമായ താല്പര്യങ്ങൾ സംരക്ഷിക്കാൻ ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ മുഴുവൻ ജനങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് അത്തരത്തിലുള്ള ഒരു അഭിപ്രായമാണ് ഉയർന്നുവരേണ്ടത് എന്നാണ് ഗവൺമെന്റ് കണക്കാക്കുന്നത്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : കേന്ദ്ര വൈദ്യുതി മന്ത്രി സുരേഷ് പ്രഭു, കേരള, ബംഗാൾ, തമിഴ്നാട് സർക്കാരുകളുടെ എതിർപ്പിനെ കണക്കിൽ എടുക്കേണ്ടതില്ലായെന്നുള്ള പ്രസ്താവനയാണ് ഈ മീറ്റിംഗിനുശേഷം നടത്തിയിരിക്കുന്നത്. ഇലക്ട്രിസിറ്റി ബിൽ 2000 എന്ന സ്വകാര്യ ബിൽ അവതരിപ്പിച്ചുകൊണ്ട് ഇലക്ട്രിസിറ്റി ബോർഡിനെ ആകെ സ്വകാര്യവൽക്കരിക്കാൻ എടുക്കുന്ന ഈ നടപടിയെ എതിർക്കാൻ താല്പര്യമുള്ള സംസ്ഥാനങ്ങളെയൊക്കെ യോജിപ്പിച്ചുകൊണ്ടുള്ള നടപടികളുണ്ടാകണം. ആന്ധ്രയിലെ വൈദ്യുതി ചാർജ്ജ് വർദ്ധനവിനെതിരായ സമരത്തിൽ കോൺഗ്രസ്സും കക്ഷി ചേർന്നതാണ്. ഇവിടെ പ്രതിപക്ഷ നേതാവ് ശ്രീ. എ.കെ. ആന്റണി അടക്കം യോഗത്തിൽ പങ്കെടുക്കേണ്ടതാണ്. ശ്രീ. എ. കെ. ആന്റണിയെ അടക്കം ഉൾപ്പെടുത്തിക്കൊണ്ട് ഈ ബില്ലിനെ എതിർക്കുന്ന മറ്റ് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരേയും ബന്ധപ്പെടുത്തി ഒരു പ്രസ്ഥാനം സ്വകാര്യവൽക്കരണത്തിനെതിരെ ഉയർത്തി കൊണ്ടുവരാൻ കേരളാ ഗവൺമെന്റ് മുൻകൈ എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : പാർലമെന്റ് സെഷന്റെ സമയമാണ്. ഇക്കാര്യത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസം കൂടാതെ കേന്ദ്ര ഗവൺമന്റിന്റെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരുന്നതിനുവേണ്ടി സംസ്ഥാനത്തെ എല്ലാ എം.പി. മാരേയും ബന്ധപ്പെട്ടുകൊണ്ട് മുൻകൈ എടുക്കുന്നതിനുള്ള ശ്രമം ഗവൺമെന്റ് പ്രത്യേകിച്ച് നടത്തുന്നതാണ്.

(2) പറമ്പിക്കുളം-അളിയാർ അന്തർസംസ്ഥാന നദീജല കരാർ

ശ്രീ. കെ. എ. ചന്ദ്രൻ : സർ, പറമ്പിക്കുളം-അളിയാർ നദീജല കരാർ പുതുക്കാൻ വൈകുന്നതുകൊണ്ടാണ് നമുക്ക് ലഭിക്കേണ്ട വെള്ളം യഥാസമയം ലഭിക്കാത്തതുകൊണ്ട് പാലക്കാട് വരണ്ട് ഉണങ്ങിനശിക്കുകയാണ്. ഇതിനൊരു പരിഹാരം ഉണ്ടാക്കി അടിയന്തിരമായി കരാർ അനുസരിച്ച് ലഭിക്കേണ്ടതായ 2.5 ടി. എം. സി. വെള്ളമെങ്കിലും ചിറ്റൂർപ്പുഴയ്ക്ക് ലഭ്യമാക്കേണ്ട കാര്യത്തെ സംബന്ധിച്ചാണ് സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. 9-11-1988-ൽ പുതുക്കേണ്ടതായ പറമ്പിക്കുളം-അളിയാർ അന്തർസംസ്ഥാന നദീജല കരാർ വർഷം 12 കഴിഞ്ഞിട്ടും ഇതുവരെ പുതുക്കാൻ കഴിഞ്ഞിട്ടില്ല. പറമ്പിക്കുളം കരാറിന്റെ അടിസ്ഥാനത്തിൽ പ്രതിവർഷം ഭാരതപ്പുഴയ്ക്ക് 8.69 ടി. എം. സി. വെള്ളവും ചാലക്കുടി പുഴയ്ക്ക് 21 ടി.എം.സി. വെള്ളവും നഷ്ടമാകുന്നുണ്ട്. അതുകൊണ്ട് കരാർ പുതുക്കേണ്ടത് ഈ സംസ്ഥാനത്തെ അടിയന്തിരമായ ഒരു പൊതുതാല്പര്യമാണ്. കരാർ പുതുക്കുന്നതിൽ തർക്കമായോ എന്തെങ്കിലും ബുദ്ധിമുട്ട് ഉള്ളതായോ മറ്റേതെങ്കിലും നിലയിൽ സർക്കാരിന് പ്രയാസമുള്ളതായോ ഇതുവരെ വ്യക്തമാക്കിയതായി അറിവില്ല. കരാർ പ്രകാരമുള്ള ജലം ലഭിക്കാത്തതുകൊണ്ട് പാലക്കാട് ജില്ലയിലെ നെൽ വയലുകൾ ഉണങ്ങുന്നു. വെള്ളത്തിനുവേണ്ടി ജനങ്ങൾ പ്രക്ഷോഭണം നടത്താൻ തുടങ്ങി. ഇത് കേരളത്തിന് ഗുണകരമല്ല. കേരളത്തിന് കരാർ പ്രകാരം ലഭിക്കേണ്ട ജലം നഷ്ടമായത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥ കൊണ്ടാണ്. ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽനിന്നും വ്യക്തമായിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെയാണ് അനാസ്ഥ കാണിച്ച ഉദ്യോഗസ്ഥന്മാരെ സംരക്ഷിക്കാനും ശ്രമിക്കുന്നത്. മുഖ്യമന്ത്രിയുടെ ഈ നടപടി വൈരുദ്ധ്യാത്മകമായതാണ്. ജല ബാഷ്പീകരണ വിശദീകരണ കുറിപ്പിന്റെ അടിസ്ഥാനത്തിൽ തമിഴ്നാടിന് ജലം അനുവദിച്ച ഉദ്യോഗസ്ഥന്മാരുടെ പേരുവിവരം ചോദിച്ചതിന് ജല ബാഷ്പീകരണ വിശദീകരണ കുറിപ്പിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് വാട്ടർ അക്കൗണ്ടുകൾ, ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് എന്നിവ ഉണ്ടായിരിക്കുന്നതെന്നും ആയതിനാൽ ഏതെങ്കിലും കാലഘട്ടത്തിൽ ജെ. ഡബ്ല്യൂ. ആർ. ബോർഡ് അംഗങ്ങൾക്ക് മാത്രമായി ഇതിന്റെ ചുമതല ഉള്ളതായി കണക്കാക്കാൻ ആവുകയില്ലെന്നുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത്. ഇത് തൃശൂർ, പാലക്കാട്, മലപ്പുറം, എന്നീ ജില്ലകളിലെ ജനങ്ങളുടെ താൽപ്പര്യത്തിനും നദീജല അവകാശത്തിനും വിരുദ്ധമായിട്ടുള്ളതാണ്. മുഖ്യമന്ത്രിയുടെ മറുപടി ഇപ്രകാരമാണ് ലഭിച്ചത്. രണ്ട് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്ന ഔദ്യോഗിക രേഖകളുടെ ഭാഗമായ കാര്യമാണ്. ഇത് കൈമാറുന്നത് ഉചിതമായിരിക്കുകയില്ല എന്നാണ് മന്ത്രി പറഞ്ഞത്. പറമ്പിക്കുളം കരാർ അനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly